# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.06.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 AM**

1. ഒരേ മനസ്സോടെ യോഗയിൽ ഒന്നിച്ച് ലോകം; അതിർത്തികൾക്ക് അപ്പുറം യോഗ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   World United in Yoga with One Mind; Yoga is Beyond Borders and for Everyone, Says PM Narendra Modi.

2. വിശാഖപട്ടണത്ത് പ്രധാനമന്ത്രിക്കൊപ്പം യോഗാഭ്യാസത്തിൽ പങ്കെടുത്തത് മൂന്ന് ലക്ഷത്തോളം പേർ. രാജ്യത്ത് 10 ലക്ഷത്തിലധികം കേന്ദ്രങ്ങളിൽ യോഗാ ദിന പരിപാടികൾ.

   Around 3 Lakh Join PM Modi's Yoga Session in Visakhapatnam; Over 1 million Events Mark Yoga Day Across India.

3. കേന്ദ്രസഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ തിരുവനന്തപുരത്തും സുരേഷ് ഗോപി കൊച്ചിയിലും രാംദാസ് അഠാവലെ മലപ്പുറത്തും യോഗാ പരിപാടികളിൽ പങ്കെടുത്തു.

   Union Ministers George Kurian in Thiruvananthapuram, Suresh Gopi in Kochi, and Ramdas Athawale in Malappuram Join Yoga Day Events.

4. ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് 290 ഇന്ത്യക്കാരെ കൂടി രാജ്യത്തെത്തിച്ചു.

   290 Indians Brought Back from Iran Under Operation Sindhu.

5. ഇസ്രായേൽ ആക്രമണം അവസാനിപ്പിച്ചാൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് ഇറാൻ.

   Iran Says Ready for Talks if Israel Halts Attacks.

6. പാരീസ് ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് കിരീടം.

Neeraj Chopra Clinches Title in Javelin at Paris Diamond League.

****************************************

**HEADLINE-1**

## PM-YOGA (INTRO)

ലോകമെമ്പാടും കോടിക്കണക്കിന് ആളുകളുടെ ജീതവത്തിന്റെ ഭാഗമായി യോഗ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് 11-ാമത് അന്താരാഷ്ട്ര യോഗദിന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. രാജ്യാതിർത്തികൾക്കും ജീവിത പശ്ചാത്തലത്തിനും പ്രായത്തിനും കഴിവിനും അപ്പുറം യോഗ എല്ലാവർക്കും വേണ്ടിയുള്ളതാണ്. ആന്തരിക സമാധാനം ആഗോള നയമായി മാറുന്ന ഈ ഘട്ടത്തിൽ ലോകമാനവികതയ്ക്കുള്ള യോഗ 2.0 യുടെ തുടക്കം ഈ യോഗ ദിനം അടയാളപ്പെടുത്തട്ടെയെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

വിശാഖപട്ടണത്തെ ആർ.കെ ബീച്ചിൽ മൂന്ന് ലക്ഷത്തിലേറെ പേർ പ്രധാനമന്ത്രിയ്ക്കൊപ്പം യോഗാഭ്യാസ പരിപാടികളിൽ പങ്കുചേർന്നു. ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ എന്ന പ്രമേയത്തിലൂന്നിയാണ് ഈ വർഷത്തെ യോഗാദിനം ആചരിക്കുന്നത്. ഡൽഹിയിലെ ചുവപ്പ്കോട്ട, കർത്തവ്യ പഥ് തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു.

********************************

**HEADLINE-2**

## GUINNESS RECORDS

വിശാഖപട്ടണത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗ സംഗമത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള 10 ലക്ഷത്തിലധികം സ്ഥലങ്ങളിൽ യോഗാദിന പരിപാടികൾ അരങ്ങേറി. പുതിയ ഗിന്നസ് വേൾഡ് റെക്കോർഡ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വിശാഖപട്ടണത്തെ ആർകെ ബീച്ച് മുതൽ ഭോഗാപുരം വരെയുള്ള 26 കിലോമീറ്ററിലാണ് പരിപാടി സംഘടിപ്പിച്ചത്. രാജ്യത്തുടനീളം യോഗ ആഘോഷങ്ങൾ നടന്ന സ്ഥലങ്ങളിൽ പ്രധാനമന്ത്രിയുടെ അഭിസംബോധന തത്സമയം സംപ്രക്ഷണം ചെയ്തു.

********************************

## YOGA - ASI

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ആയുഷ് മന്ത്രാലയവുമായി സഹകരിച്ച്, 81 കേന്ദ്ര സംരക്ഷിത സ്മാരകങ്ങളിൽ യോഗ പരിപാടികൾ സംഘടിപ്പിച്ചു. ഇന്ന് എല്ലാ എഎസ്ഐ സ്മാരകങ്ങളിലേക്കും പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. ഡൽഹിയിലെ പുരാന ഖില, കർണാടകത്തിലെ ഗോൽഗുംബാസ്, ഒഡീഷയിലെ കൊണാർക്ക് സൂര്യക്ഷേത്രം, രാജസ്ഥാനിലെ ചിത്തോർഗഢ് കോട്ട, മഹാരാഷ്ട്രയിലെ എലിഫന്റ ഗുഹകൾ തുടങ്ങിയ സ്ഥലങ്ങളിൽ യോഗ പരിശീലിക്കാൻ ആയിരങ്ങൾ ഒത്തുചേർന്നു. 2014-ലാണ് ഐക്യരാഷ്ട്രസഭ ജൂൺ 21-അന്താരാഷ്ട്ര യോഗ ദിനമായി പ്രഖ്യാപിച്ചത്.

********************************

### HEADLINE-3

## KERALA-YOGA

കേരളത്തിലും യോഗദിന പരിപാടികൾ വിപുലമായി സംഘടിപ്പിച്ചു. രാജ് ഭവനിൽ നെഹ്റു യുവകേന്ദ്രയുടെ

നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. നെഹ്റു യുവകേന്ദ്രാ പ്രവർത്തകർക്ക് ഒപ്പം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ യോഗ ദിനാചരണത്തിൽ പങ്കെടുത്തു. എറണാകുളത്ത് ഇന്ത്യാ ടൂറിസം സംഘടിപ്പിച്ച യോഗാ പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. പരിപാടിയ്ക്ക് മുന്നോടിയായി സുരേഷ്ഗോപി വൃക്ഷതൈകൾ വിതരണം ചെയ്തു. മലപ്പുറത്ത് കേന്ദ്രമന്ത്രി രാംദാസ് അഠാവാലെ ആണ് നേതൃത്വം നൽകിയത്.

********************************

### HEADLINE-3a

## GEORGE KURIYAN-YOGA (INTRO)

ലോകത്തിലെ സർവ്വ ചരാചരങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന സന്ദേശമാണ് യോഗ ദിനാചരണത്തിലൂടെ ഭാരതം ലോകത്തിന് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. തിരുവനന്തപുരത്ത് യോഗാദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

********************************

## YOGA DAY - STATES

11-ാമത് അന്താരാഷ്ട്ര യോഗദിനം വിവിധ സംസ്ഥാനങ്ങളിൽ വിപുലമായി ആചരിക്കുന്നു. ഉത്തരാഖണ്ഡിലെ ഡറാഡൂണിൽ യോഗാ ദിന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികളും പരിപാടിയുടെ ഭാഗമായി. ഗുജറാത്തിൽ വഡ്നഗറിൽ സംസ്ഥാനതല ആഘോഷത്തിന് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ നേതൃത്വം നൽകി. അഹമ്മദാബാദിൽ യോഗ പരിപാടിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പങ്കെടുത്തു. 60,000 ത്തിലധികം സ്ഥലങ്ങളിൽ ഒന്നര കോടിയിലധികം പേർ

പങ്കെടുക്കുന്ന കൂട്ട യോഗ പരിപാടികളാണ് ഗുജറാത്തിൽ സംഘടിപ്പിച്ചത്. ബിഎസ്എഫ് അതിന്റെ എല്ലാ യൂണിറ്റുകളിലും പഞ്ചാബിലെ ആസ്ഥാനത്തും യോഗാദിനം ആഘോഷിച്ചു. അമൃതസറിലെ അട്ടാരിയിലെ ജോയിന്റ് ചെക്ക് പോസ്റ്റിൽ പ്രത്യേക ചടങ്ങ് നടന്നു.

*******************************

# MOHANLAL-YOGA (INTRO)

യോഗയിലൂടെ ആരോഗ്യമുള്ള മനസ്സും ശരീരവും പാകപ്പെടുത്താൻ സാധിക്കുമെന്ന് ചലച്ചിത്ര താരം മോഹൻ ലാൽ. കൊച്ചിയിൽ വിശ്വശാന്തി ഫൗണ്ടേഷന്റെ യോഗാ ദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

*******************************

# SL-YOGA DAY

ശ്രീലങ്കയിലും അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. ഇന്ത്യൻ ഹൈക്കമ്മീഷൻ ഇൻഡിപെൻഡൻസ് സ്ക്വയറിൽ സംഘടിപ്പിച്ച പരിപാടിയിൽ ശ്രീലങ്കൻ മന്ത്രിമാർ, കായികതാരങ്ങൾ, വ്യവസായ പ്രമുഖർ തുടങ്ങി 1000-ത്തിലധികം പേർ പങ്കെടുത്തു.

*******************************

**HEADLINE-4**

# OPERATION SINDHU

ഇസ്രായേൽ-ഇറാൻ സംഘർഷം വഷളാകുന്ന സാഹചര്യത്തിൽ ഇറാനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ സിന്ധു പുരോഗമിക്കുന്നു. തുർക്ക്മെനിസ്ഥാനിലെ അഷ്ഗാബത്തിൽ നിന്നുള്ള പ്രത്യേക വിമാനം ഇന്ന് പുലർച്ചെ ന്യൂഡൽഹിയിൽ എത്തി. ഇറാനിൽ

നിന്ന് 290 ഇന്ത്യക്കാരുമായുള്ള വിമാനം ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തിയിരുന്നു. ഇതോടെ, ഇറാനിൽ നിന്ന് ഇതുവരെ 517 ഇന്ത്യൻ പൗരന്മാർ നാട്ടിലേക്ക് മടങ്ങി.

********************************

**HEADLINE-5**

## IRAN-ISRAEL-GENEVA TALKS

ഇസ്രായേലുമായുള്ള സംഘർഷം പരിഹരിക്കുന്നത് സംബന്ധിച്ച് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ച്ചി ജനീവയിൽ യൂറോപ്യൻ വിദേശകാര്യ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. ഫ്രാൻസ്, യുകെ, ജർമ്മനി, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. ഇസ്രായേൽ ആക്രമണങ്ങൾ അവസാനിപ്പിച്ചാൽ ചർച്ചകൾക്ക് തയ്യാറാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രി പറഞ്ഞു. ഇറാനെതിരായ ആക്രമണത്തെ പിന്തുണയ്ക്കണോ വേണ്ടയോ എന്ന് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനിക്കാമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നേരത്തെ പ്രസ്താവന നടത്തിയിരുന്നു.

********************************

## IAEA WARN IRAN NUCLEAR

ഇറാനിയൻ ആണവ കേന്ദ്രങ്ങൾക്ക് നേരെയുള്ള ഇസ്രായേൽ ആക്രമണങ്ങളിൽ നിന്നുള്ള ആണവ മലിനീകരണ സാധ്യതയെക്കുറിച്ച് മുന്നറിയിപ്പ് നൽകി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി. ഇറാനിലെ ആണവ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ രാജ്യത്തെ ആണവ സുരക്ഷയുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ടെന്നും എന്നാൽ അത് ഇതുവരെ പൊതുജനങ്ങളെ ബാധിക്കുന്ന തരത്തിലുള്ള ആണവമലിനീകരണത്തിലേക്ക് നയിച്ചിട്ടില്ലെന്നും ഡയറക്ടർ ജനറൽ റാഫേൽ ഗ്രോസി പറഞ്ഞു.

********************************

## INDIA RUSSIA - PUTIN

2030 വരെ ഇന്ത്യയുമായുള്ള ദീർഘകാല സഹകരണത്തിനുള്ള മോസ്കോയുടെ കർമ്മ പദ്ധതി ഉടൻ അന്തിമമാക്കുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ഇന്നലെ സെന്റ് പീറ്റേഴ്സ്ബർഗ് ഇന്റർനാഷണൽ ഇക്കണോമിക് ഫോറത്തിന്റെ പ്ലീനറി സെഷനിൽ സംസാരിച്ച റഷ്യൻ പ്രസിഡന്റ്, ഇന്ത്യ ഉൾപ്പെടെയുള്ള പ്രധാന പങ്കാളികളുമായി മോസ്കോ ദീർഘകാല സാമ്പത്തിക സഹകരണ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ത്യയെ പ്രതിനിധീകരിച്ച് പരിപാടിയിൽ പങ്കെടുത്തു.

********************************

### HEADLINE-6

## NEERAJ CHOPRA - DIAMOND LEAGUE

പാരീസ് ഡയമണ്ട് ലീഗ് 2025 ലെ പുരുഷ ജാവലിൻ ത്രോ മത്സരത്തിൽ ഇന്ത്യയുടെ നീരജ് ചോപ്രയ്ക്ക് സ്വർണ്ണം. രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ ചോപ്ര ആദ്യ ശ്രമത്തിൽ തന്നെ 88.16 മീറ്റർ ദൂരം എറിഞ്ഞാണ് കിരീടം സ്വന്തമാക്കിയത്. ജർമ്മനിയുടെ ജൂലിയൻ വെബർ 87.88 മീറ്റർ എറിഞ്ഞ് രണ്ടാം സ്ഥാനത്തെത്തി.

********************************

## INDIA ENGLAND - TEST CRICKET

ഇംഗ്ലണ്ടിലെ ലീഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ ആദ്യ മത്സരത്തിന്റെ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ ഇന്ത്യ മൂന്ന് വിക്കറ്റിന് 359 റൺസ് എന്ന ശക്തമായ നിലയിൽ. യശസ്വി ജയ്സ്വാൾ ടെസ്റ്റ്

ക്രിക്കറ്റിലെ അഞ്ചാമത്തെ സെഞ്ച്വറി നേടി. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും സെഞ്ച്വറി സ്വന്തമാക്കി.

********************************

## RAJNATH SINGH- OPERATION SINDOOR

ഭീകരർക്കും അവരുടെ രക്ഷാധികാരികൾക്കും ശക്തമായ സന്ദേശം നൽകുന്നതാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പ്രകോപനമല്ല മറിച്ച് നീതിയുടെ അടിസ്ഥാനത്തിൽ നടത്തിയ നിയന്ത്രിത നടപടിയാണിതെന്ന് അദ്ദേഹം പറഞ്ഞു. ജമ്മു കശ്മീരിലെ ഉധംപൂരിലെ നോർത്തേൺ കമാൻഡിലെ സൈനികരുമായി സംവദിക്കുകയായിരുന്നു രാജ്യരക്ഷാ മന്ത്രി.

********************************

## NAGALAND-WORLD MUSIC DAY

ഇന്ന് ലോക സംഗീത ദിനം. ഹീലിങ്ങ് ത്രൂ ഹാർമണി എന്നതാണ് 2025 ലെ ലോക സംഗീത ദിനത്തിന്റെ പ്രമേയം. നാഗാലാൻഡിൽ ലോക സംഗീത ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

*

***********

****************************************************